**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** — **14-02-2024 - ൽ മറുപടിയ്ക്ക്**

**കുട്ടമ്പുഴ ആദിവാസി കോളനിയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടമ്പുഴ പന്തപ്ര ആദിവാസി കോളനിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | **കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ പന്തപ്ര ആദിവാസി കോളനിയിൽ താമസിക്കുന്ന 67 പട്ടികവർഗ കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതി, ഇലക്ട്രിഫിക്കേഷൻ, സോളാർ ഫെൻസിംഗ്, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 67 പട്ടികവർഗ കുടുംബങ്ങളിൽ 10 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 57 പട്ടികവർഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം അഞ്ച് പട്ടികവർഗ്ഗ സംഘങ്ങൾ മുഖേന വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു.** |
| (ബി) | വീട് നിർമ്മാണം ഉൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **പന്തപ്ര ആദിവാസി കോളനിയിലെ 57 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വീടൊന്നിന് 51,271/- രൂപ വീതം അധികതുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. കൂടാതെ ഗതാഗത സൗകര്യത്തിനായി നിലവിലുള്ള മൺറോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ